# സെന്റ് ആന്റണീസ് എൽ.പി.സ്കൂൾ

## കിഴക്കേ ചേന്നങ്കരി

# അക്കാദമികമാസ്റ്റർ പ്ലാൻ

# 2025-26

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് -സെന്റ് ആന്റണീസ് എൽ.പി.എസ്. ചേന്നങ്കരി ഈസ്റ്റ്, കാവാലം

മാനേജ്മെന്റ് -സെന്റ് തെരേസാസ്  ചർച്ച് കാവാലം

അധികാരി -മാനേജർ, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്, ആർച്ച് ഡയോസിസ്, ചങ്ങനാശ്ശേരി

വാർഡ് -10, നീലംപേരൂർ

വിദ്യാഭ്യാസ ഉപജില്ല-വെളിയനാട്

വിദ്യാഭ്യാസജില്ല- കുട്ടനാട്

ഗ്രാമപഞ്ചായത്ത്-നീലംപേരൂർ

ബ്ലോക്ക് -വെളിയനാട്

വില്ലേജ്- കാവാലം

ട്രഷറി- സബ് ട്രഷറി മങ്കൊമ്പ്

ക്ലസ്റ്റർ സെന്റർ - ആർ.വി.ജി എൽ.പി.എസ്. ഈര

ബി.ആർ.സി - വെളിയനാട്

വാർഡ് മെമ്പർ - രാകേഷ് പണിക്കർ

പി.റ്റി.എ പ്രസിഡന്റ്-  ജിന്റുമോൾ ചാക്കോ

ഹെഡ്മിസ്ട്രസ് -ശ്രീമതി. ടിറ്റി മാത്യു

സ്കൂൾ കോഡ് -46417

# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കുക. കുട്ടികളുടെ അവകാശങ്ങളെ സംര ക്ഷിച്ച് സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്യുക എന്നതാണ് 'വിഷൻ 100 അക്കാ ദമിക് മാസ്റ്റർ പ്ലാൻ'. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക. ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണക്കാക്കി അവരുടെ വിവിധ മേഖലകളിലുള്ള വികസനം കരിക്കുലവും പാഠ്യപദ്ധതിയും വിഭാ വനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക, സ്കൂളിൽ എത്തി ച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവ രിച്ചു എന്ന് ഉറപ്പുവരുത്തുക, ഓരോ ഘട്ടം പൂർത്തിയാവുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കളടക്കമുള്ള സമൂ ഹത്തെ അറിയിക്കുക. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികവു മായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന-ദേശീയ-അന്തർദേശീയ തല ത്തിൽ ശ്രദ്ധേയമായ പൗരന്മാരെ വളർത്തുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ.

# ചരിത്രം

## സെന്റ് ആന്റണീസ് എൽ. പി. സ്കൂൾ (ചേന്നങ്കരി ഈസ്റ്റ്)

കാവാലം ഇടവകയിൽ ഉൾപ്പെട്ട ചേന്നങ്കരി എന്ന സ്ഥലത്ത് കത്തോലിക്കരായ 40 ഓളം വീടുകൾ ഏകോപിച്ച് നടത്തിക്കൊണ്ടിരുന്ന സെന്റ് ആന്റണീസ് പ്രൈമറി സ്കൂൾ 1921 ൽ സ്ഥാപിതമായി ഈശോയുടെ തിരുഹൃദയത്തിന്റെ അനുകമ്പാർദ്ര സ്നേഹം നുകരുന്നതിനും പകരുന്നതിനുമായി പാലാ ഇടവകയിൽ കദളിക്കാട്ടിൽ ബഹു. മത്തായി അച്ചനാൽ 1911 ജനുവരി 1 ന് സ്ഥാപിതമായ മേലുകാവുമഠത്തിനെ വെളിയനാടു സ്വദേശിയും ഔദാര്യനിധിയും കുബേരനുമായ മഠത്തിലാക്കൽ ഡോ. എം.കെ ആന്റണി അവസരോചിതം പലവിധത്തിൽ സഹായിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിനു നന്ദി പ്രകാശിപ്പിക്കാൻൻ പാലായിൽ നിന്നും വെളിയനാടുവന്ന സിസ്റ്റേഴ്സ് കുട്ടനാട്ടിൽ ഒരു മഠം സ്ഥാപിക്കുന്നതിനുള്ള ആഗ്രഹം അറിയിച്ചു.

പരസ്നേഹത്താൽ പ്രേരിതനായി സന്തോഷസമേതം അദ്ദേഹം അത് സമ്മതിക്കുകയും ചെയ്തു. ചങ്ങനാശ്ശേരി രൂപതയുടെ അന്നത്തെ മെത്രാനായിരുന്ന കാളാശ്ശേരിൽ മാർ. ജെയിംസ് മെത്രാന്റെ അനുമതിയോടുകൂടി 1947 ഏപ്രിൽ 27-ാം തീയതി വി. യൗസേപ്പിന്റെ മധ്യസ്ഥ തിരുനാളിൽ വെളിയനാട് തിരുഹൃദയ മഠം സ്ഥാപിച്ചു.

സ്കൂൾ വേണ്ടവിധം മുമ്പോട്ടു നടത്തുവാനുള്ള വൈഷമ്യം നിമിത്തം അതിന്റെ ഭാരവാഹികൾ വന്ദ്യ പിതാവിന്റെ അനുമതിയോടുകൂടി ഏകദേശം പതിനായിരം രൂപ വിലയുള്ള സ്കൂൾ കെട്ടിടവും ഒരേക്കർ സ്ഥലവും മഠത്തിനു വിട്ടുതന്നു. അങ്ങനെ 1947 ജൂൺ മാസം 20-ാ ം തീയതി സെന്റ് ആന്റണീസ് എൽ. പി സ്കൂൾ വെളിയനാട് മഠത്തിലെ സിസ്റ്റേഴ്സ് ഏറ്റെടുത്തു.

ഭാഷാപ്രവർത്തനങ്ങൾ

ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിന് അക്ഷരചിത്രങ്ങൾ, അക്ഷരപ്പാട്ടുകൾ, കളികൾ, അക്ഷര കാർഡുകൾ, അക്ഷ രങ്ങൾ വരുന്ന വാക്കുകൾ വെട്ടി ഒട്ടിക്കൽ, വർക്ക്ഷീറ്റുകൾ എന്നിവ നൽകി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം.

അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് പദങ്ങളും വാക്യങ്ങളും വായിക്കുന്നതിനും എഴുതുന്നതിനും പദക്കാർഡുകൾ, വാക്കുകൾ നിർമ്മിക്കുക, ചിത്രങ്ങളുടെ സഹായത്തോടെ വാക്യങ്ങൾ നിർമ്മിക്കും. ചിത്രങ്ങൾ നൽകി, നിരീക്ഷിച്ച് കഥകൾ പറയിക്കുക. ചെറിയ പ്രായത്തിൽ തന്നെ ബാലസാഹിത്യ പ്രസിദ്ധീകരണങ്ങൾ വായിക്കാൻ പ്രേരണ നൽകുക. മലയാള ഭാഷാ പത്രങ്ങൾ വായിക്കുന്നതിന് അവസരം നൽകു ക. പത്രവാർത്തകൾ എഴുതി ക്ലാസിലും, അസംബ്ലിയിലും അവതരിപ്പിക്കുക, കോപ്പി യെഴുതിക്കുക, ഡയറി എഴുത്ത്, എന്നീ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കാനുള്ള മാജിക് വാൾ ഒരുക്കുക തുടങ്ങിയവ. നല്ല എഴുത്തുകാരുടെ സാഹിത്യ രചനകൾ കുട്ടികളെ പരിചയപ്പെടുത്തുകയും വായി ക്കാനവസരം നൽകുകയും ചെയ്യുന്നു.

ഗണിതം

കുട്ടികളിൽ ഗണിതത്തിൽ താൽപര്യം വളർത്തിയെടുക്കുന്നതിന് കഥകൾ, ഗണിതപ്പാട്ടുകൾ, കളികൾ എന്നിങ്ങനെ ലളിതമായ രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. അബാക്കസ് പഠനരീതിക്ക് പ്രാധാന്യം നൽകുന്നു. സംഖ്യാ ബോധം വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നു. ഓരോ ക്ലാസിലും ഗണിതമൂല ഒരുക്കുന്നു.

ഇംഗ്ലീഷ്

ഇംഗ്ലീഷ് ഭാഷയോടുള്ള താൽപര്യം വളർത്തുന്നതിന് ഇംഗ്ലീഷിലെ ചെറിയ കഥകൾ, പാട്ടുകൾ എന്നിവ കൊടുത്തുകൊണ്ട് വായിച്ച് കേൾപ്പിക്കുന്നു.
ഐ.സി.ടി.സാധ്യത ഉപയോഗപ്പെടുത്തി കഥകളുടെ പാട്ടുകളും കാണാനും കേൾക്കാനും അവസരം ഒരുക്കുന്നു.
സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ ജൂൺ മാസം മുതൽ ആരംഭിക്കുന്നു.
ആഴ്ചയിൽ രണ്ടു ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു.

ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ ആചരിക്കുന്നു. എല്ലാ ക്ലാസുകളി ലെയും ഇംഗ്ലീഷ് ക്ലാസുകൾ ഇംഗ്ലീഷിൽ തന്നെ കൈകാര്യം ചെയ്യുന്നു.

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ♦ പ്രീ-ടെസ്റ്റ്<br>♦ കൂടുതൽ പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്തൽ<br>♦ കുട്ടികളുമായുള്ള നിരന്തര ഇടപെടൽ<br>♦ പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുക. | 2 മാസം<br>ദിവസവും<br>ജൂൺ | അധ്യാപകൻ | |
| | കുട്ടികളിൽ അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന് | ♦ അക്ഷര ചിത്രങ്ങൾ<br>♦ അക്ഷരപ്പാട്ടുകൾ<br>♦ കളികൾ<br>♦ അക്ഷരങ്ങൾ വെട്ടി ഒട്ടിക്കുന്നു.<br>♦ വർക്ക്ഷീറ്റുകൾ<br>♦ മാസ അവലോകനം<br>♦ ചെറുകഥകൾ<br>♦ കവിതകൾ തയ്യാറാക്കൽ<br>♦ വ്യക്തിത്വ വികസന ക്യാമ്പ്<br>♦ കഥ, കവിത ക്യാമ്പ് | 5 മാസം<br>ഒരു മാസം<br>1 വർഷം | SSG<br>OSA<br>PTA<br>PTA | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| | | ◆ ഡയറിക്കുറിപ്പ് തയ്യാറാക്കൽ<br>◆ നാടകാവിഷ്കാരം<br>◆ ഭാഷാ അസംബ്ലി<br>◆ സെമിനാറുകൾ<br>◆ സംവാദങ്ങൾ<br>◆ ക്ലാസ് ലൈബ്രറി കാര്യക്ഷമമാക്കൽ<br>◆ പരസ്പര സംഭാഷണത്തിന് അവസരമൊരുക്കൽ<br>◆ എഴുത്ത് മത്സരം (ആസ്വാദനക്കുറിപ്പ്)<br>◆ പഠനയാത്ര<br>◆ കവി സദസ്സ്<br>◆ ബാലസഭ, സാഹിത്യ സമാജം<br>◆ ചുമർപത്രികാ നിർമ്മാണ ശില്പശാല<br>◆ പ്രസംഗ മത്സരം മികച്ച വായനക്കാരെ കണ്ടെത്തൽ | ദിവസവും<br>1 മാസം<br>ആഴ്ചയിൽ 2 തവണ<br>മാസത്തിൽ ഒരിക്കൽ<br>6 മാസത്തിൽ ഒരിക്കൽ<br>വർഷത്തിലൊരിക്കൽ<br>മാസത്തിൽ ഒരിക്കൽ<br>ആഴ്ചയിലൊരിക്കൽ<br>മൂന്ന് മാസത്തിലൊരിക്കൽ | അധ്യാപകൻ<br>SSG | |
| | കുട്ടികളെ നല്ല എഴുത്തുകാരനാക്കി മാറ്റുക. | ◆ എഴുത്തുകൂട്ടം രൂപീകരണം<br>◆ പുസ്തകങ്ങൾ വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കി പതിപ്പു തയ്യാറാക്കുന്നു. | 1 വർഷം<br>1 വർഷം | പി.ടി.എ.<br>അധ്യാപകൻ | |
| | | | | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| | | ◆ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br>◆ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുന്നു.<br>◆ എഴുത്തുകാരുമായി അഭിമുഖം<br>◆ പത്രവാർത്ത എഴുതി അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>◆ കഥാരചന<br>◆ കവിതാരചന<br>◆ പ്രസംഗരചന<br>മത്സരങ്ങൾ<br>◆ കുട്ടികളുടെ രചനകൾ മാജിക്വാളിൽ പ്രദർശിപ്പിക്കുക. | | | |
| | കുട്ടികളെ മികച്ച വായനക്കാരാക്കി മാറ്റുക. | ◆ ക്ലാസ് വായനാക്കൂട്ടം<br>◆ വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുന്നു. ആനുകാലിക പുസ്തകങ്ങൾവായിക്കാനവസരം<br>◆ വായനാമത്സരം<br>◆ ക്ലാസ് ലൈബ്രറി കാര്യക്ഷമമാക്കൽ<br>◆ പത്രവായന അസംബ്ലിയിൽ<br>◆ ചെറുകഥകൾ വായിക്കാനവസരം, വായനാക്കുറിപ്പ് തയ്യാറാക്കൽ | | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| | | ◆ മലയാളത്തിലെ വിവിധ സാഹിത്യ ശാഖ കൾ പരിചയപ്പെ ടുന്നു.<br>◆ ക്ലാസ് വായന ശാല<br>◆ ഗ്രാമീണ വായന ശാല, പൊതു ഗ്രന്ഥാലയം എന്നിവിടങ്ങളിൽ നിന്ന് പുസ്തകം ശേഖരിക്കുന്നു. പുസ്തകങ്ങളുടെ വായനാക്കുറിപ്പ് തയ്യാറാക്കുന്നു.<br>◆ വായനാദിനവു മായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ<br>◆ കുട്ടികളുടെ രച നകൾ പ്രദർശിപ്പി ക്കുക. മാഗസിൻ നിർമ്മാണം | | | |

വിഷയം : ഭാഷാപഠനം - ഇംഗ്ലീഷ്

മേഖല : അക്കാദമികം

## ലക്ഷ്യം

- ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
- പാഠ്യപദ്ധതി ലക്ഷ്യമാകുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാ പഠനശേഷിയും എല്ലാ കുട്ടികളും നേടുന്നതിന്
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് ഭാഷ സംസാരിക്കാനും കോഡ് മനസ്സിലാക്കുന്നതിനുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- മികച്ച വായനാശീലം, ഇംഗ്ലീഷ് ഭാഷയിൽ വികസിപ്പിക്കുന്നതിന്
- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ വിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി എഴുതാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള ശേഷി കൈവരിക്കുന്നതിന് | ♦ ഇംഗ്ലീഷ് ഡേ ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് ഡേ ആയി തെരഞ്ഞെടുക്കുക. ആ ദിവസം ഇംഗ്ലീഷ് ഭാഷ മാത്രം ഉപയോഗിക്കുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |
| | | ♦ ഇംഗ്ലീഷ് അസംബ്ലി. ആഴ്ചയിൽ 2 ദിവസം കുട്ടികൾക്ക് ഇംഗ്ലീഷിൽ അസംബ്ലി നടത്താൻ അവസരം നൽകുന്നു. | ആഴ്ചയിൽ രണ്ടു ദിവസം | ക്ലാസ് ടീച്ചർ എച്ച്.എം. | |
| 2 | അനായാസം ഇംഗ്ലീഷിൽ എഴുതാനുള്ള ശേഷി നേടൽ | ♦ വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷ് ഡയറി ആക്കി എഴുതുക. | ആഴ്ചയിൽ അഞ്ച് ദിവസം | അധ്യാപിക | |
| 3 | ഇംഗ്ലീഷ് ഭാഷയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിന് | ♦ ഐ.സി.ടി. സാധ്യത ഉപയോഗപ്പെടുത്തി ഇംഗ്ലീഷ് സിനിമകൾ, വാർത്തകൾ കേൾപ്പിക്കുന്നു. | | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4 | ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടാൻ | ♦ ഇംഗ്ലീഷിൽ കത്തെഴുത്ത്<br>♦ ഇംഗ്ലീഷിൽ കത്തെഴുതി പരസ്പരം കൈമാറുന്നു. | മാസ ത്തിൽ ഒരു തവണ | ക്ലാസ് ടീച്ചർ | |
| 5 | ഇംഗ്ലീഷ് സാഹിത്യം | ♦ ലളിതമായ മല യാളം കഥകൾ, പാട്ടുകൾ എന്നിവ ഇംഗ്ലീ ഷിലേക്ക് തർജ്ജമ ചെയ്ത് അവത രിപ്പിക്കുന്നതിന് | വർഷം 1 പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | 1000 |
| 6 | ഇംഗ്ലീഷ് വ്യാക രണം എളുപ്പമാ ക്കാൻ | ♦ അവധി ദിവസ ങ്ങളിൽ വ്യാക രണം ക്ലാസു കൾ സംഘടി പ്പിക്കുക. | വർഷം 10 ക്ലാസ് | ക്ലാസ് ടീച്ചർ പൂർവ്വ വിദ്യാർത്ഥി സംഘടന കൾ | 1000 |
| 7 | ഇംഗ്ലീഷ് പഠനാന്ത രീക്ഷം ഒരുക്കൽ | ♦ ഇംഗ്ലീഷ് കോർണർ ക്ലാസ് മുറിക ലിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണ ങ്ങൾ, പുസ്തകം എന്നിവയുടെ ശേഖരം ഒരു ക്കൽ | പ്രതി മാസ പരി പാടി | ഇംഗ്ലീഷ് ക്ലാസ് | |
| 8 | അനാ യാസം ഇംഗ്ലീഷ് സംസാരി ക്കാൻ | ♦ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ | 1 വർഷം | പ്രാവീണ്യം നേടിയ അധ്യാപകർ SSG | |

**വിഷയം : ഗണിതം**

## ലക്ഷ്യം

- ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ
- ഗണിത പഠനത്തിന്റെ ആവശ്യകത, ഗണിതപഠനത്തിൽ അഭിരുചി വളർത്തൽ
- കുട്ടികളിൽ സംഖ്യാബോധം വളർത്തിയെടുക്കൽ
- എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടുന്നതിന്
- പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിന്

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം/ പഠനസാമഗ്രികൾ |
|---|---|---|---|---|---|
| 1 | ഗണിത പഠനത്തിൽ കുട്ടിക്ക് അഭിരുചി വളർത്തുന്നതിന് | ♦ സെമിനാർ<br>♦ ഗണിതശാസ്ത്രജ്ഞന്മാരുടെ ചരിത്രം കുട്ടികളുമായി പങ്കുവെക്കൽ | 2 മാസം | S.R.G.<br>H.M.<br>P.T.A. | 1000 |
| 2 | ഗണിതപഠനവുമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | ♦ പ്രീ-ടെസ്റ്റ് നടത്തുന്നു.<br>♦ മൂല്യനിർണ്ണയം<br>♦ സംഖ്യാബോധം വളർത്തുന്നതിനായി പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു.<br>♦ വർക്ക്ഷീറ്റ് | 2 മാസം | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം/ പഠനസാമഗ്രികൾ |
|---|---|---|---|---|---|
| 3 | ഗണിത പഠനം ആസ്വാദ്യ കരമാക്കാൻ | ◆ ഗണിത പഠനം ആസ്വാദനത്തിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.<br>◆ പാഠാസൂത്രണം ഫലപ്രദമായ രീതിയിൽ ആസൂത്രണം ചെയ്യാം.<br>◆ ക്വിസ് മത്സരങ്ങൾ<br>◆ ഗണിതപ്പാട്ടുകള<br>◆ പസിലുകൾ<br>◆ ഐ.സി.ടി.സാധ്യതകൾ<br>◆ നിർമ്മാണ പ്രവർത്തനങ്ങൾ<br>◆ ഗണിതക്കളികൾ<br>◆ ഗണിതമൂല<br>◆ ഗണിതലാബിന്റെ പ്രവർത്തനം മികവുള്ളതാക്കാനുള്ള പ്രവർത്തനം | 1 വർഷം | S.R.G.<br>P.T.A. | |
| 4 | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് | ഗണിത പ്രോജക്ടുകൾ<br>അപഗ്രഥന ചോദ്യങ്ങൾക്ക് വ്യക്തിഗതമായും ഗ്രൂപ്പിലും ഉത്തരം കണ്ടെത്തുന്നതിന്<br>വീട്ടിലെ വരവ് ചെലവ് കണ്ടെത്തുന്നതിനുള്ള അവസരം | | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 5 | ഗണിത ക്ലബ്ബ് രൂപീകരിക്കൽ | ♦ മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്യാം.<br>♦ പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തുന്നു.<br>♦ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. (S.R.G,P.T.A.) | 1 വർഷം | S.R.G.<br>P.T.A. | |
| 6 | ഗണിത ലാബ് | ♦ ഗണിത റഫറൻസ് ബുക്കുകൾ, വർക്കിംഗ് മോഡലുകൾ, ചുമർ ഗണിത ചിത്രങ്ങൾ, മോഡൽ, മെട്രിക് ഉപകരണങ്ങൾ, അബാക്കസ്, ജ്യാമിതീയ രൂപങ്ങൾ, മുത്തുകൾ എന്നിവ അതതു ക്ലാസിൽ സജ്ജീകരിക്കുന്നു. | | | |
| 7 | ലിറ്റിൽ മാസ്റ്റർ | ♦ ഗണിത ശാസ്ത്രത്തിൽ മികച്ച കുട്ടികളെ കണ്ടെത്തി ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയി തെരഞ്ഞെടുക്കുക. പ്രോത്സാഹനം നൽകുക. | | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 8 | എന്താണ് ഗണിത പഠനം എന്തിനാണ് ഗണിത പഠനം എന്നതിനുള്ള ആശയം രൂപീകരിക്കുന്നതിന് | ♦ ഗണിത മേളകൾ സംഘടിപ്പിക്കുക<br>♦ പഠനോപകരണ ശിൽപശാല<br>♦ ഗണിതലാബുകൾ സന്ദർശിക്കുക. | 4 മാസം | P.T.A.<br>M.P.T.A.<br>Maths Club | |
| 9 | ഒന്നു മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികളിൽ സംഖ്യാബോധം, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കുന്നതിന് | ♦ അബാക്കസ്, സംഖ്യാബോർഡുകൾ, എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>♦ വർക്ക്ഷീറ്റുകൾ<br>♦ രക്ഷിതാക്കളുമായി ചർച്ച | ജൂൺ ആഗസ്ത് | HM<br>Teachers | പഠനസാമഗ്രി അബാക്കസ് |
| 10 | കുട്ടികളിൽ യുക്തി ചിന്ത, മന:ക്കണക്കുകൾ എന്നിവയിൽ കഴിവ് നേടുന്നതിന് | ♦ പാഠാസൂത്രണം<br>♦ കുസൃതിക്കണക്ക്<br>♦ മന:ക്കണക്കിനുള്ള കൂടുതൽ പ്രവർത്തനം ആസൂത്രണം ചെയ്യുന്നു.<br>♦ ഗണിതക്കളികൾ കൂടുതൽ സജീവമാക്കുന്നു.<br>♦ ദൃശ്യാവിഷ്കരണം | | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 11 | ഗണിതാഭി രുചി വളർത്തു ന്നതിന് | ഗണിതശിൽപശാല | 1 വർഷം | P.T.A. S.S.G. പൂർവ്വ വിദ്യാർത്ഥി സംഘടന | 5000 |
| | | ഗണിതലാബ് സജ്ജീകരിക്കൽ | 1 വർഷം | S.R.G. ഗണിത ക്ലബ്ബ് | |
| | | അബാക്കസ് ക്ലാസുകൾ സംഘടിപ്പിക്കുക. | എല്ലാ വർഷവും | ഗണിതാ ധ്യാപകർ പൂർവ്വാ ധ്യാപകർ | 1000 |

| പരിസരപഠനം | | | | | |
|---|---|---|---|---|---|
| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1 | വിദ്യാലയ ത്തിലെ മുഴുവൻ കുട്ടികളിലും ശാസ്ത്രാഭിരുചി വളർത്തുക. | ഫീൽഡ് ട്രിപ്പ് | ജൂൺ | | |
| | | ചുറ്റുപാടിനെ അറിയാൻ ജൈവ വൈവിധ്യോ ദ്യാനം നിർമ്മി ക്കാൻ | ജൂൺ മുതൽ മാർച്ച് | | 10,000 |
| | ചുറ്റുപാടിനെ നിരീക്ഷിക്കാ നുള്ള കഴിവ് | ഫീൽഡ് ട്രിപ്പ് പ്രൊജക്ട് | ജൂൺ | | 1,000 |
| | സഹജീവികളോ ടുള്ള അനുഭാവ പൂർണ്ണമായ പെരുമാറ്റം വളർത്താൻ | സെമിനാറു കൾ<br>ജൈവ വൈവിധ്യോ ദ്യാനം | | | |
| | ലഘുപരീക്ഷ ണവും നിരീക്ഷ ണവും നടത്തി അപഗ്രഥനത്തി ലൂടെ നിഗമന ത്തിലെത്തിച്ചേ രൽ | സ്കൂളിൽ ഒരു ശാസ്ത്രലാബ് ഒരുക്കൽ<br>ശാസ്ത്ര മേള കൾക്കായി പ്രത്യേക പരി ശീലനം നൽകുക. | 1 വർഷം | | 1,000 |
| | പരിസ്ഥിതിയിൽ ജീവിക്കുന്ന ജീവികളെ സംര ക്ഷിക്കാനും അവരുടെ പ്രാധാന്യം മന സ്സിലാക്കാനും | ഐ.സി.ടി.സാ ധ്യതകൾ ഉപ യോഗിച്ച് ജീവികളെ കൂടുതൽ അടുത്തറിയു ന്നു. | ജൂൺ | | |

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | പ്രപഞ്ചത്തെ അടുത്തറിയാൻ<br><br>ശുചിത്വമുള്ള കുട്ടികളായി വളരാൻ<br><br>പരിസ്ഥിതിയുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം വളർത്തുക. | വാനനിരീക്ഷണം<br>നക്ഷത്ര ബംഗ്ലാവിലേക്ക് ഒരു യാത്ര<br><br>സ്കൂളും പരിസരവും ശുചിയാക്കുന്ന പ്രവർത്തനം<br>ശുചിത്വ ക്ലാസ് സംഘടിപ്പിക്കുക.<br>അസംബ്ലി<br>ശുചിത്വ പോസ്റ്റർ നിർമ്മാണം<br>ബോധവൽക്കരണ ക്ലാസ്<br><br>പത്രവാർത്ത ക്വിസ്<br>ദിനാചരണവുമായി ബന്ധപ്പെട്ട് പോസ്റ്റർ രചന | 1 വർഷം | | 1,000 |